10

## വിഭാഗരഹിത ക്രിസ്ത്യാനിത്വം-

# വിശദീകരണം ആവശ്യമില്ല

പത്രൊസിന്റെ പ്രസംഗത്തിലെ വാക്കായ സ്നാനം "പാപമോചനത്തിനു" വേണ്ടി അല്ലെങ്കിൽ പാപക്ഷമാപണത്തിനുവേണ്ടിയായിരുന്നു (പ്രവൃത്തികൾ 2:38) എന്നതു ഇംഗ്ലീഷ് വാക്കുകൾ ആയ "അൺടു" എന്നും "ഇൻടു" എന്നും പോലെ തീർച്ചയുള്ളതായിരുന്നു. സ്നാനവും മാനസാന്തരവും പാപത്തിൽ നിന്നുള്ള രക്ഷക്കു വേണ്ട നിബന്ധനകളായിരുന്നു എന്ന് പത്രൊസ് പറഞ്ഞതു അവന്റെ വലിയ സദസ്സിലുള്ള എല്ലാവരും മനസ്സിലാക്കിയെന്നതിൽ ഒരു സംശയവും ഇല്ല. അവരിൽ ഒരാൾ പോലും അതിന്റെ അർത്ഥം തെറ്റിദ്ധരിച്ചില്ല. കാരണം പത്രൊസ് ഉപയോഗിച്ച *എയിസ്* എന്ന വാക്കിന്റെ അർത്ഥം "ബിക്കോസ് ഓഫ്" എന്നോ "ഇൻ ടോക്കൺ ഓഫ്" എന്നോ ആയിരുന്നെങ്കിൽ അത് പുതിയ ഗ്രീക്കിൽ ഇന്നുവരെ കൊടുത്തിട്ടില്ലാത്തതായ ഒരർത്ഥം ആകുമായിരുന്നു. പത്രൊസിന്റെ ഒന്നിലധികം അർത്ഥമുള്ള പ്രസംഗം സദസ്യർ മനസ്സിലാക്കി എന്നു മാത്രമല്ല, യെരുശലേമിൽ വച്ച് നാമധേയ വിഭാഗരഹിതമായ യോഗം നടന്നു നൂറു കണക്കിനു വർഷങ്ങളോളം, ആ രണ്ടു നിബന്ധനകളാലാണ്, ക്ഷമാപണം, പത്രൊസിന്റെ പ്രസംഗത്തിലൂടെ നല്കിയത് എന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും ഉണ്ടായിരുന്നില്ല. ഭാഷ കൈകാര്യം ചെയ്യുന്ന എല്ലാവരും അനേകനൂറുവർഷങ്ങളോളം അതുറപ്പിച്ചു സാഹസിക സംരംഭമായി, അങ്ങനെ തന്നെ പഠിപ്പിച്ചിരുന്നു.

ആ ഭാഷയ്ക്കു അനേക വർഷങ്ങളോളം ഒരേ അർത്ഥം തന്നെ നല്കിവന്നതു ശരിയായ വ്യാഖ്യാനത്തിന്റെ ശക്തമായ തെളിവാണ്. അതിന്റെ കൃത്യത പിന്താങ്ങുന്ന വസ്തുത എന്തെന്നാൽ ആ വ്യാഖ്യാനം ഇന്നത്തെ പണ്ഡിതന്മാരുടെ വ്യാഖ്യാനവുമായി യോജിക്കുന്നു എന്നതാണ്. ...

ഒരാൾ ബൈബിൾ ഉപദേശം വിശ്വസിക്കുകയോ പഠിപ്പിക്കയോ ചെയ്യാതെ നാമധേയവിഭാഗത്തിൽ അംഗമായിരിക്കാം. എങ്ങനെയായാലും, അയാൾ വെറും ഒരു ക്രിസ്ത്യാനി ആയി – നാമധേയമല്ലാത്ത ക്രിസ്ത്യാനിയായി, പത്രൊസിനെ പോലെ ക്രിസ്ത്യാനി ആയി –

ബൈബിൾ പറയുന്നതു വിശ്വസിക്കാതിരിപ്പാനും പഠിപ്പിക്കാതിരിപ്പാനും കഴിയുമോ?

യെരുശലേം മീറ്റിങ്ങിൽ നടന്ന പ്രവൃത്തികൾ നാം കാണുക യുണ്ടായി, കാരണം യേശു ആഗ്രഹിച്ചതു തന്റെ അനുഗാമികൾ ഒരേ സത്യം സംസാരിക്കുകയും ഏകാഭിപ്രായത്തിലും ഏക മനസ്സിലും യോജിച്ചിരിക്കയും വേണം എന്നാണ്. യെരുശലേമിൽ വെച്ചു കേട്ട ആ സത്യത്തിന്റെ പ്രാധാന്യം നോക്കിയാൽ ഭിന്നതക്കു യാതൊരു കാരണവുമില്ല. നാം അവയെ സംബന്ധിച്ചു ഭിന്നിപ്പു ഉണ്ടാക്കുന്നു എങ്കിൽ, അതു ഒഴികഴിവില്ലാത്ത വിധം നാം കർത്താവിനോടു അവിശ്വസ്ത കാണിക്കുകയാണ്. ദൈവശ്വാസിയരായ അപ്പൊസ്തലന്മാർ ആദ്യം ആത്മാവിനാൽ നയിക്കപ്പെട്ട യോഗത്തിൽ സ്നാനത്തിന്റെ ഉദ്ദേശം പഠിപ്പിച്ചതു നാം മനസ്സിലാക്കി, അതു സ്വർഗ്ഗത്തിൽ നിന്നു പുതുതായി നല്കിയതായിരുന്നതിനാൽ, സത്യസന്ധരായവർ ഇവിടെ വച്ച് “പിരിഞ്ഞു.” ഇവിടെ മതപരമായ ഭിന്നതക്കു ബൈബിൾ കാരണങ്ങൾ ഒന്നുമില്ല, ഒരു പക്ഷെ ഭിന്നതക്കു ചില വ്യക്തമായ ഒഴികഴിവുകൾ കണ്ടേക്കാം.

പാപികളായ ആളുകളെ, യേശു മനുഷ്യരുടെ രക്ഷകൻ ആണെന്നു പഠിപ്പിക്കണം എന്നതു സത്യസന്ധരായ എല്ലാവരും അംഗീകരിക്കും, അവൻ അവർക്കുവേണ്ടി മരിക്കുകയും, വീണ്ടും ഉയിർക്കുകയും, അവൻ കർത്താധികർത്താവും രാജാധിരാജാവും ആയി തീർന്നിരിക്കുന്നു എന്നു കാണിക്കുകയും ചെയ്തു. ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത ക്രിസ്തുവിന്റെ അറിവ് രക്ഷിക്കപ്പെടാത്ത ആളുകൾ മനസ്സിലാക്കി അവരുടെ പാപത്തെക്കുറിച്ചു ബോധ്യപ്പെടുകയും, നഷ്ടപ്പെട്ട അവരുടെ അവസ്ഥ മനസ്സിലാക്കുകയും വേണമെന്നും ഈ സത്യസന്ധരായവർ സമ്മതിക്കും. പാപബോധ്യം വന്നാൽ മാനസാന്തരപ്പെടണം എന്നും - അതായതു, അവരുടെ മുൻജീവിത ശൈലികളെ ഉപേക്ഷിക്കണം, പാപങ്ങളിൽ നിന്നു വിട്ടുതിരിയണം - പിന്നെ, പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ പിൻപറ്റി അവനു കീഴ്പ്പെട്ടു ദൈവകല്പനയായ സ്നാനം ഏല്ക്കണമെന്നും സത്യസന്ധരായ ഇവർ സമ്മതിക്കും. രക്ഷിക്കപ്പെടാത്തവർ എടുക്കുന്ന ഈ വിശ്വാസം, ദൈവഹിതപ്രകാരമുള്ള ദുഃഖത്തോടുകൂടി മാനസാന്തരത്തിലേക്കു നയിക്കുകയും, രക്ഷക്കായി യേശുവിൽ ആശ്രയിച്ചു വിശ്വസിക്കണം എന്ന അവസ്ഥയിലേക്ക് എത്തുമെന്ന് എല്ലാവരും, സമ്മതിക്കും. യേശു കർത്താവും ക്രിസ്തുവുമാണ് എന്നു “നിശ്ചയമായി” അറിയുന്നതിന്റെ ഫലമാണ് മാനസാന്തരം. ക്രിസ്തുവിന്റെ അറിവിനാൽ ഉളവാകുന്ന ദൈവഹിതപ്രകാരമുള്ള ദുഃഖത്താലും മാനസാന്തരത്താലും, ആത്മാവ് ആശ്രയിക്കുന്ന അവസ്ഥയിലേക്കും, പിതാവായ ദൈവത്തിലും യേശുക്രിസ്തുവിലും വിശ്വസിക്കുന്നതിനും ഇടയാകുന്നു. അത്തരം ആത്മാവു “ഉപേക്ഷിച്ച - തായ” ആത്മാവാണ്, തർസൊസുകാരനായ ശൗലിനെ പോലെ പറയുന്നതു, “കർത്താവേ, ഞാൻ എന്തു ചെയ്യേണം?” (പ്രവൃത്തികൾ 22:10). ഈ “ഉപേക്ഷിച്ച - തായ,” പശ്ചാത്തപിക്കുന്ന, നുറുങ്ങിയ ഹൃദയം, വാസ്തവത്തിൽ പരിവർത്തനം ചെയ്ത ഒരു ആത്മാവാണ്, അത്

കർത്താവാഗ്രഹിക്കുന്ന എന്തും ചെയ്യുവാൻ തയ്യാറായി.

നാം കൂടുതലായി എന്തു പറയേണ്ടു? സത്യസന്ധരും, യേശുവിനോടു ഭക്തിയുള്ളവരും, സ്നാനത്തെ സംബന്ധിച്ചു വേറിട്ടു കക്ഷികളായി നില്ക്കുന്നതാണോ ശരി? യേശു അവരിൽ ഭിന്നത പാടില്ല എന്നു പറയുമ്പോൾ, അവർക്ക് എങ്ങനെ അതിനു കഴിയും? മുകളിൽ പറഞ്ഞ ആത്മാക്കളോടു, പത്രൊസ് പറഞ്ഞു, "നിങ്ങൾ ഓരോരുത്തൻ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ ..."(പ്രവൃത്തികൾ 2:38). അനന്യാസ് ശൗലിനോടു, അവന്റെ മനസ്സിലുണ്ടായിരുന്നത് "ഉപേക്ഷിക്കുകയും" ചെയ്തപ്പോൾ അവൻ പൂർണ്ണമായി കർത്താവിനു കീഴ്പ്പെട്ടു പറഞ്ഞു, "എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനമേറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളക" (പ്രവൃത്തികൾ 22:16). വിശ്വാസത്താൽ, ദൈവഹിതപ്രകാരമുള്ള ദുഃഖത്താലും മാനസാന്തരത്താലും, ആത്മാവ് ദൈവത്തിലും ക്രിസ്തുവിലും വിശ്വസിച്ച് ആശ്രയിക്കുന്ന അവസ്ഥയിൽ എത്തുന്ന - "ഉപേക്ഷിച്ച - തായ" മറ്റു ആത്മാക്കളോടു - ദൈവ ശ്വാസിയരായ ഉപദേഷ്ടാക്കന്മാർ ആത്മാക്കളോടു പറഞ്ഞതുപോലെ നാം ഇന്നു പാപമോചനത്തിനായി സ്നാനമേല്ക്കുവാൻ പറയുമോ?

നിങ്ങളുടെ സമുദായം നിങ്ങൾക്കു നഷ്ടമാകും എന്ന ഭയമുണ്ടോ? വിശുദ്ധന്മാരോടു ചേരുന്നതിനേക്കാൾ വലുതായിട്ടാണോ നിങ്ങളുടെ വിഭാഗത്തെ നിങ്ങൾ കാണുന്നത്? യേശുവിനെ പ്രസാദിപ്പിക്കുവാനാണോ അതോ നിങ്ങളുടെ സമുദായവിഭാഗത്തെ പ്രസാദിപ്പിക്കുവാനാണോ ശ്രമിക്കുന്നതു? പശ്ചാത്തപിക്കുന്ന, നുറുങ്ങിയ, കീഴ്പ്പെട്ട ആത്മാവിനോട് സ്നാനത്തെ സംബന്ധിച്ചുള്ള പരിശുദ്ധാത്മാവിന്റെ കർത്തവ്യത്തെ കുറിച്ചുള്ള അതേ വാക്കുകൾ കാഴ്ച്ചവയ്ക്കാൻ ഞാൻ തയ്യാറാണ്. ഞാൻ എടുക്കുന്ന സാഹസികത അവൻ മനസ്സിലാക്കും. നൂറു കാണക്കിനു നിരവധി വർഷങ്ങളോളം, നമുക്ക് അറിയാവുന്നേടത്തോളം, ഒരാത്മാവു പോലും പരാജയപ്പെട്ടിട്ടില്ല.

ലളിതമായ വാക്കുകളുടെ സങ്കീർണ്ണമായ വിശദീകരണങ്ങളിൽ ആശ്രയിക്കുന്ന സിദ്ധാന്തത്തെ പിടിച്ചുകൊണ്ടിരിക്കുവാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? നാമധേയവിഭാഗത്തോടുള്ള പ്രതിപത്തിയാണ് ഭിന്നതയ്ക്കു നിരത്തുന്ന ഏക ഒഴികഴിവു. നാമധേയ വിഭാഗത്തിലും, നാമധേയ വിഭാഗം മൂലവും യേശുവിനെ പ്രസാദിപ്പിക്കുവാനോ, അവന്റെ പ്രാർത്ഥനയ്ക്കു മറുപടി നല്കുവാനോ, ക്രിസ്ത്യാനികൾ ഒന്നായി തീരുവാനോ സാധ്യമല്ല. രണ്ടിനും മദ്ധ്യേ ഉള്ളത് തിരഞ്ഞെടുക്കണം "നിങ്ങൾ ആരെ സേവിക്കും എന്നു ഇന്നു തിരഞ്ഞെടുത്തുകൊൾവിൻ" (യോശുവ 24:15). ഭക്തിയുള്ള ആളുകൾ നാമധേയ വിഭാഗങ്ങൾ വിട്ടുകളയണം. മനുഷ്യ ഹൃദയങ്ങൾക്കു വെച്ചിരിക്കുന്ന - ഏറ്റവും വലിയ സന്ദർഭമാണ് - ക്രിസ്ത്യാനിയാകുക, ഒട്ടും കുറവോ കൂടുതലോ ഇല്ലാതെ, ക്രിസ്ത്യാനിയായി മാത്രം തീരുക, എന്നത്.

© 2009 Truth for Today